കെനിയയിലെ മൊംബാസ എന്ന ദ്വീപിൽ ഇന്ത്യൻ കാക്കകൾ ചെന്നെത്തിയതു് മുപ്പത്തൊമ്പതു വർഷംമുമ്പു മാത്രമാണു് എന്നു പറഞ്ഞുവല്ലോ. അവിടെ ഇപ്പോൾ രണ്ടു ലക്ഷത്തോളം കാക്കകളുണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. സുരക്ഷിതമായ താവളം കിട്ടിയാൽ ഏതാനും വർഷത്തിനകം ഇന്ത്യൻകാക്കകൾ ഏതു നാട്ടിലും ഒരു ബാധയായിത്തീരാമെന്നതിനു് മൊംബാസയിലെ കാക്കകൾ മികച്ച ഉദാഹരണമാണു്. മൊംബാസയിലെ കാക്കകൾ അവിടത്തെ പക്ഷികളെ മാത്രമല്ല നശിപ്പിക്കുന്നതു്. കരയിലും കടൽവക്കിലും പാർക്കുന്ന പല ജീവജാലങ്ങളെയും അവ കൊന്നൊടുക്കുന്നു. കുപ്പ ചികയുന്ന സ്വഭാവം നിമിത്തം കാക്ക ഒരു പൊതുജനാരോഗ്യ ഭീഷണികൂടിയാണെന്നു മറുനാട്ടുകാർ കരുതുന്നു.

മൊംബാസയിലെ കാക്കവർദ്ധന കണ്ടു ഭയന്ന സെയ്ഷെൽസുകാർ ഒരു കാക്കനശീകരണപരിപാടി ആരംഭിച്ചിരിക്കുകയാണു്. വെടിവെച്ചും, വിഷം കൊടുത്തും, കെണികളിൽ കുടുക്കിയും കാക്കകളെ കൊന്നൊടുക്കാനാണു് അവരുടെ ശ്രമം.

പക്ഷേ, സൂത്രശാലിയായ കാക്ക ഈ സംഹാരപരിപാടികളെ മുഴുവൻ അതിജീവിച്ചേക്കുമോ എന്ന ഭയവും സെയ്ഷെൽസ്കാർക്കു് ഇല്ലാതില്ല.

ഇത്രയും വായിച്ചശേഷം, കാക്കയോടുള്ള ബഹുമാനം നിങ്ങൾക്കു കൂടിയോ, കുറഞ്ഞുവോ? എനിക്കാണെങ്കിൽ, മുമ്പേ കാക്കയോടു തോന്നിയിരുന്ന ആരാധന വർദ്ധിക്കുകയാണുണ്ടായതു് എന്നതിനു് ഈ കുറിപ്പു തന്നെ തെളിവു്!

(23 നവംബർ, 1986)

## 93. 'പാററ' അല്ലെങ്കിൽ 'ക്കുറ'

സാധനത്തെ കണ്ടാൽ തിരിച്ചറിയാത്തവർ കേരളത്തിൽ ഉണ്ടാവില്ല. പക്ഷേ, പേരു പറഞ്ഞാൽ സംശയം തുടങ്ങുകയായി. 'പാററ' എന്നാണു് തെക്കൻ കേരളത്തിൽ പ്രചാരമുള്ള പദം. പക്ഷേ, ഈ പേരുകൊണ്ടു് വടക്കൻകേരളത്തിലുള്ളവർ നിർദേശിക്കുന്നതു് തെക്കൻ കേരളത്തിൽ 'പക്കി' എന്ന പദംകൊണ്ടു നിർദേശിക്കപ്പെടുന്ന ശലഭവർഗത്തെയാണു്. 'ക്കുറ' എന്നു വടക്കൻകേരളത്തിൽ പ്രചാരമുള്ള, പദമാകട്ടെ, തെക്കൻ കേരളത്തിൽ ലുപ്തപ്രചാരം (ഖിലം) ആയിരിക്കുന്നു. തെക്കൻ കേരളത്തിൽ കുട്ടികൾ ആ വാക്കിൻെറ അർത്ഥം പറയാൻ കുഴങ്ങും; മലയാളം അദ്ധ്യാപകരാകട്ടെ, തുണി എന്നോ വസ്ത്രം എന്നോ അർത്ഥം അതിനു പറഞ്ഞുവെന്നുംവരും. ഇതൊക്കെ വിചാരിച്ചായിരിക്കാം കേരളത്തിൻെറ നടുവിലുള്ളവർ 'ക്കുറാൻ' എന്ന പേരിൽ ഈ ജീവിയെ വ്യവഹരിക്കുന്നതു്. എന്നാൽ, ഈ പ്രാദേശികരൂപഭേദത്തിനു് തൃശ്ശൂരിലും പരിസരങ്ങളിലും മാത്രമേ പ്രചാരമുള്ളൂ. കേരളത്തിൻെറ തെക്കും നടുക്കും വടക്കും ഒരുപോലെ ധാരാളം കാണുന്ന 'ഇംഗ്ളീഷ് മീഡിയം' കുട്ടികൾക്കു്, പക്ഷേ, ഒരു സംശയവുമില്ല. ജീവിയെ ചൂണ്ടി അതെന്തെന്നു ചോദിച്ചാലുടൻ അവർ പറയും: 'കോക്ക്രോച്ച്!'

പറഞ്ഞുവരുന്നതു് എന്തിനെപ്പററിയാണെന്നു് ഇപ്പോൾ വ്യക്തമായല്ലോ. നമ്മുടെ എല്ലാവരുടെയും വീടുകളിൽ, നമ്മുടെ ആരുടെയും സമ്മതം വാങ്ങാതെ, ക്കുറ താമസിക്കുകയും പെററുപെരുകുകയുംചെയ്യുന്നു. മിക്ക വീട്ടമ്മമാർക്കും ക്കുറയെ വെറുപ്പാണു്; ചിലർക്കു ഭയവുമാണു്.

**പക്ഷേ**, വീട്ടമ്മമാരുടെ ഭയവും വെറുപ്പും കൂറ കണക്കിലെടുത്തിട്ടില്ല. **സ്വാഭാ**വിക ശത്രുക്കൾ കൂറയ്ക്കു കുറവാണു്. ഇടുങ്ങിയ വിടവുകളിൽ പാ**ർക്കുന്ന** അതിനെ തൊടാൻപോലും കാക്കയ്ക്കു കഴിയാറില്ല. അത്രയും ചെറിയ ഒരു ജീവിയെ ശത്രുവായി കണക്കാക്കാൻ നായ തയ്യാറല്ല. കൂറയുടെ അസുഖകരമായ ഗന്ധം മൂലമാവാം, പൂച്ചയും അതിന്റെയടുത്തു് കളിക്കാൻ നില്ക്കാറില്ല. വല്ലപ്പോഴും ഒരു കൂറയെ പൂച്ച തിന്നാൽ, പഥ്യമല്ലാത്ത ആ ആഹാരം പൂച്ചയെ തളർത്തിക്കളയുമത്രേ. കാലത്തെഴുന്നേററു് ഉഷാറില്ലാതെ തൂങ്ങിപ്പിടിച്ചിരിക്കുന്ന പിള്ളേരോടു്, 'നീയെന്തൂട്ടാണ്ടാ കൂറാനെ തിന്ന പൂച്ചേടന്തി കുത്തിരിയ്ക്ക്ണേ?' എന്നു് തൃശ്ശൂരിലെ വീട്ടമ്മമാർ ചോദിക്കാറുണ്ടു്.

മനുഷ്യരുള്ള മിക്ക ഇടങ്ങളിലും—വീടുകളിലും കടകളിലും ആഫീസ്സുകളിലും മററു പൊതുസ്ഥലങ്ങളിലും, കാറുകളിലും കപ്പലുകളിലും വിമാനങ്ങളിലും—എല്ലാം കൂറയെ കാണാം. എങ്കിലും മനുഷ്യനെ ആശ്രയിച്ചു കഴിയുന്ന ഒരു ജീവിയാണു് കൂറ എന്നു കരുതേണ്ട. മനുഷ്യൻ ഭൂമുഖത്തു് അവതരിച്ചിട്ടു് ഏതാണ്ടു് പത്തുലക്ഷം വർഷങ്ങളേ ആയുള്ളു എന്നാണു് ആധുനികശാസ്ത്രജ്ഞർ കരുതുന്നതു്. എന്നാൽ, ചുരുങ്ങിയതു പത്തുകോടി വർഷം മുമ്പുതന്നെ കൂറ ഭൂമിയിൽ പാർപ്പുറപ്പിച്ചുകഴിഞ്ഞിരിക്കുന്നു. ഭാവനാതീതമാംവിധം ദീർഘമായ ഈ കാലഘട്ടത്തിന്നിടയിൽ സംഭവിച്ചിരിക്കാവുന്ന വരൾച്ചകൾ, വെള്ളപ്പൊക്കങ്ങൾ, മഞ്ഞു് ഉറയലും ഉരുകലും, വൻകരകളുടെ നീക്കങ്ങൾ, പർവതങ്ങളുടെ ഉയർച്ചതാഴ്ചകൾ, ഭൂകമ്പങ്ങൾ മുതലായ പ്രകൃതിക്ഷോഭങ്ങളിൽപ്പെട്ടു ദിനോസൗറുകൾപോലെയുള്ള രാക്ഷസപ്പല്ലികൾ, വാൾപ്പല്ലൻ പുലികൾ, മാമ്മത്തുപോലെയുള്ള മഹാഗജങ്ങൾ തുടങ്ങി എത്രയോ ജന്തുവർഗങ്ങൾ വളരുകയും പരിണമിക്കുകയും കുററിയററുപോവുകയുംചെയ്തപ്പോഴും, കൂറ, പറയത്തക്ക മാററമൊന്നും ഇല്ലാതെ, ഇവിടെ ജീവിച്ചുവന്നു. ഇനി എന്നെങ്കിലും, സർവസംഹാരകമായ ഒരു അണുയുദ്ധത്തിൽപ്പെട്ടു് മനുഷ്യവർഗ്ഗം പൂർണമായും ചത്തൊടുങ്ങിക്കഴിഞ്ഞാൽ, പരിഷ്കാരത്തിന്റെ നഷ്ടാവശിഷ്ടങ്ങൾക്കിടയിൽ അപ്പോഴും ഭദ്രമായി കൂറ അതിന്റെ ജീവിതലീല തുടരും. അണുയുദ്ധവിപത്തു് യഥാർത്ഥമായും ഭീകരമായും വിവരിക്കുന്ന 'പിറേറന്നു്' (ദി ഡേ ആഫ്ടർ) എന്ന പ്രസിദ്ധമായ അമേരിക്കൻ സിനിമപ്പടത്തിൽ, അണുബോംബാക്രമണത്തിൽ തകർന്ന ഒരു വീട്ടിന്നകത്തു നിർബാധം വിഹരിക്കുന്ന ഒരു കൂറയെ ചിത്രീകരിച്ചിട്ടുള്ളതു് ഇവിടെ ഓർത്തുപോകുന്നു. ആ ജീവിയുടെ സ്പർശിനികളുടെ ചലനം, മറക്കാനാവാത്ത ഒരു സന്ദേശമാണു് ആ പടം കാണുന്നവർക്കു നൽകിയതു്. ഓർക്കുമ്പോൾ ഇപ്പോഴും വിറവരുന്നു!

ഭൂമിയുടെ ഏതു ഭാഗത്തും, ഏതു പരിസ്ഥിതിയിലും ജീവിക്കാൻ പാകത്തിനാണു് കൂറയുടെ ശരീരം സൃഷ്ടിക്കപ്പെട്ടിട്ടുള്ളതു്. പരന്നുവഴുക്കുന്ന ഏതാണ്ടു ദീർഘവൃത്താകൃതിയിലുള്ള ശരീരം എത്ര ഇടുങ്ങിയ വിള്ളലിലും ഒളിച്ചിരിക്കാൻ അതിനു കഴിവു നല്കുന്നു. തിളങ്ങുന്ന, തോൽകൊണ്ടു നിർമിച്ചതെന്നു തോന്നുന്ന, ഉറ ഈ ശരീരത്തെ ഭദ്രമായി സംരക്ഷിക്കുന്നു. ഉറ പലതവണ ഊരിക്കളഞ്ഞാണു് കൂറ വളരുന്നതു്. അതിവേഗത്തിൽ ഓടാൻ ഉപകരിക്കുന്നതാണു് കൂറയുടെ നീണ്ടു ബലിഷ്ഠങ്ങളും രോമതുല്യങ്ങളായ മുള്ളുകൾ എഴുന്നു നില്ക്കുന്നവയുമായ കാലുകൾ. നീണ്ടു ചലിക്കുന്ന സ്പർശിനികൾ കൂറയുടെ ഇന്ദ്രിയസംവേദനത്തെ പരപ്പുള്ളതാക്കിത്തീർക്കുന്നു. കുറെയധികം നേരം വെള്ളത്തിൽ മുക്കിപ്പിടിച്ചാലും കൂറ ചാവുകയില്ല. വെള്ളം ഉറഞ്ഞു കട്ടിയാവുന്ന കാലാവസ്ഥയിലും യാതൊരു പ്രയാസവും കൂടാതെ കൂറ കഴിഞ്ഞുകൂടും. കപ്പലിലോ,

വിമാനത്തിലോ തീവണ്ടിയിലോ, കയറി ദീർഘയാത്രകൾ നടത്തുവാൻ ക്കുറയ്ക്കു യാതൊരു വിഷമവുമില്ല.

അത്ഭുതാവഹമായ ഒരു ഇന്ദ്രിയമാണ് ക്കുറയുടെ കണ്ണ്. അതിന്റെ ഓരോ കണ്ണിലും, ആയിരത്തെണ്ണൂറു ലെൻസുകൾ വീതം ഉണ്ടത്രേ. അതിനാൽ ഏതു കൂരിരുട്ടിലും ക്കുറയ്ക്കു കാഴ്ചയുണ്ട്. വസ്തുക്കളുടെ നിറവും ആകൃതിയും മാത്രമല്ല താപനിലയും സ്വന്തം കണ്ണുകൾകൊണ്ട് ക്കുറ കാണുന്നതായി വിശ്വസിക്കപ്പെടുന്നു. മനുഷ്യൻ നിർമിച്ച ഏതു് റഡാർ വ്യൂഹത്തേക്കാളും ഇൻഫ്രാറെഡ് വ്യൂഹത്തേക്കാളും കാര്യക്ഷമമാണ് ക്കുറയുടെ കണ്ണ്!

ഓടിനടക്കാനാണ് ഇഷ്ടമെങ്കിലും, ആവശ്യം വന്നാൽ കുറച്ചു ദൂരം പറക്കാനും ക്കുറയ്ക്കു മടിയില്ല. സാധാരണയായി, ഇണ ചേരുന്നതിനു പ്രാരംഭമായാണ് ക്കുറ പറന്നുകളിക്കാറു്.

എന്തും തിന്നാമെന്നതാണ് ക്കുറയുടെ അതിജീവനക്ഷമതയുടെ ഒരു രഹസ്യം. ചീഞ്ഞു തുടങ്ങിയ പച്ചക്കറികൾ, മനുഷ്യഭക്ഷ്യാവശിഷ്ടങ്ങൾ എന്നിവപോലെതന്നെ, അടർന്നു വീഴുന്ന ചായം, കീറത്തുണി, ചെരുപ്പിലെ പോളിഷ്, സോപ്പ്, ടൂത്ത്പെയ്സ്റ്റ്, എണ്ണ, മരുന്നുകൾ, പുസ്തകത്തിന്റെ ചട്ട മുതലായവയും ക്കുറ രുചിയോടെ തിന്നും. ഉറങ്ങുന്ന കുട്ടികളുടെ തലമുടി ക്കുറ അറുത്തു ഭക്ഷിക്കാറുണ്ട്. സ്വന്തം മുട്ടപ്പെട്ടി, താൻ ഊരിക്കളഞ്ഞ ഉറ, മൂട്ടയെപ്പോലുള്ള ചെറുജീവികൾ തുടങ്ങിയവയും ക്കുറയുടെ വിശപ്പ് അടക്കുന്ന ആഹാരപദാർത്ഥങ്ങളാണ്. മറ്റൊന്നും കിട്ടാതിരുന്നാൽ, ചത്ത ക്കുറകളെയും അതു തിന്നും. മനുഷ്യമലം ക്കുറയുടെ പഥ്യഭക്ഷണമാകുന്നു. ക്കുറയെ അകററാൻവേണ്ടി നാം വാങ്ങി പുസ്തകങ്ങൾക്കിടയിലും മററും വെയ്ക്കാറുള്ള നാഫ്ത്തലീൻ ഗുളികകൾപോലും അതു തിന്നു നോക്കാറുണ്ടെന്നു കരുതപ്പെടുന്നു.

അഴക്കിലും ഈർപ്പത്തിലും ചൂടിലുമാണ് ക്കുറ പെററുപെരുകുന്നതു്. മലത്തിലൂടെ നടന്നശേഷം ക്കുറ മനുഷ്യരുടെ ഭക്ഷണപദാർത്ഥങ്ങളിൽ കൂസൽകൂടാതെ സഞ്ചരിക്കുന്നു. മഞ്ഞപ്പിത്തംപോലുള്ള പല രോഗങ്ങളുടെയും ബീജങ്ങൾ ക്കുറകളുടെ കാലുകളിലൂടെ പരക്കുന്നതായി കാണപ്പെട്ടിട്ടുണ്ട്. ക്കുറയുടെ മലം വീണും മനുഷ്യരുടെ ഭക്ഷ്യപദാർത്ഥങ്ങൾ കേടുവരുന്നു.

കൊളംബസ് 'കണ്ടുപിടിക്കും' മുമ്പ് അമേരിക്കയിൽ ക്കുറ ഉണ്ടായിരുന്നില്ലത്രേ. ഇപ്പോൾ ഭൂമുഖത്തുള്ള രണ്ടായിരത്തിലധികം ക്കുറവർഗങ്ങളിൽ അമ്പത്തഞ്ചു വർഗങ്ങളോളമേ അമേരിക്കയിലുള്ളു. ഇവയിൽ പ്രധാനപ്പെട്ട വർഗങ്ങൾ അമേരിക്കൻ, ജർമൻ, ആസ്ട്രേല്യൻ, ഓറിയൻറൽ (പൗരസ്ത്യം) മുതലായ പേരുകളിലറിയപ്പെടുന്നു.

വൃത്തികെട്ട ജീവിയാണ് ക്കുറയെന്നു നാം കരുതുന്നു. പക്ഷേ, തന്നെപ്പററി അങ്ങനെയൊരു വിചാരം ക്കുറയ്ക്കു് ഉള്ളതായി തോന്നുന്നില്ല. സ്വന്തം സ്പർശിനികൾകൊണ്ട് ഉടലും കാലുകളും തുടച്ചു വെടുപ്പാക്കാൻ ക്കുറ മണിക്കൂറുകൾതന്നെ ചെലവഴിക്കാറുണ്ട്. ക്കുറയെ കൊല്ലാൻ മനുഷ്യർ വയ്ക്കുന്ന, പൊടിയായോ ഗുളികരൂപത്തിലോ ഉള്ള, രാസവസ്തുക്കൾ ക്കുറയുടെ ദേഹത്തിൽ പുരളുന്നു. ശരീരം വൃത്തിയാക്കുമ്പോൾ ഈ രാസവിഷങ്ങൾ അതിന്റെ സ്പർശിനികളിൽ പററുന്നു. ദേഹം വൃത്തിയാക്കുന്നതിനിടയ്ക്കു സ്പർശിനികൾ വായിൽക്കടത്തി (വായയോ, സ്പർശിനികളോ) വൃത്തിയാക്കുന്ന ഒരു ശീലം ക്കുറയ്ക്കുണ്ട്. ഈ പ്രക്രിയയ്ക്കിടയിൽ വായിലൂടെ വിഷം അകത്തുകടക്കുന്നതിനാലാണ്, രാസവിഷം ഉപയോഗിച്ചു ക്കുറയെ കൊല്ലാൻ മനുഷ്യനു സാധിക്കുന്നതു്.

അറപ്പാണെങ്കിലും ക്കുറയോടു് എനിക്കു ഭയം ഉണ്ടായിരുന്നില്ല.

എൻെറ സുഹൃത്തും ഇപ്പോൾ കോഴിക്കോട്ട സർവകലാശാലയിൽ ജന്തുശാസ്ത്ര പ്രൊഫസറുമായ ഡോക്ടർ കെ. ജി. അടിയോടി തിരുവനന്തപുരത്തു് അക്വേറിയത്തോട്ട ചേർന്ന ഒരു കെട്ടിടത്തിൽ ഗവേഷണത്തിനായി ഒരുപററം കൂറകളെ വളർത്തിയിരുന്നു. കൂറകളുടെ സൗമ്യപ്രകൃതി, സാമൂഹ്യബോധം, നിരുപദ്രവസ്വഭാവം മുതലായവയെപ്പററി പല കാര്യങ്ങളും എനിക്കു് അദ്ദേഹം പറഞ്ഞുതന്നിട്ടുണ്ടു്. ഉറയൂരി പുറത്തുവരുന്ന കൂറകുമാരികളുടെ ദിവ്യസൗന്ദര്യം കണ്ടറിയാൻ എന്നെ സഹായിച്ചതു് ഡോക്ടർ അടിയോടിയാണു്.

പക്ഷേ, മററൊരു സുഹൃത്തായ ശ്രീ റോസ്കോട്ടു് കൃഷ്ണപിള്ളയുടെ അനുഭവം, ഭയപ്പെടേണ്ട ഒരു ജീവിയാണു് കൂറ എന്ന ബോധം എന്നിൽ ഉളവാക്കി. ഏതാനും വർഷം മുമ്പു് ഉറങ്ങിക്കിടക്കവേ ശ്രീ റോസ്കോട്ടിൻെറ ചെവിയിൽ ഒരു കൂറ കയറിക്കൂടി; പുറത്തെടുക്കാൻ ശ്രമിക്കുംതോറും അതു കൂടുതൽ അകത്തേക്കു നീങ്ങുകയാണു ചെയ്തതു്. ശ്രീ റോസ്കോട്ടു് അന്നു സഹിച്ച വേദനയ്ക്കു് അളവില്ല. ഒടുവിൽ വിദഗ്ധനായ ഒരു ഡോക്ടർ റോസ്കോട്ടിനെ പൂർണമായി ബോധം കെടുത്തി, കൂറയെ പല കഷണങ്ങളായി മുറിച്ചു്, പുറത്തെടുത്തു.

അതിനാൽ, കിടപ്പുമുറിയിൽനിന്നെങ്കിലും കൂറയെ അകററി നിർത്തുക!

'എങ്ങനെ?' എന്നാവും നിങ്ങളുടെ ചോദ്യം.

എനിക്കു് അറിഞ്ഞുകൂടാ. നിങ്ങൾക്കു് അറിയാമെങ്കിൽ, ആ വിദ്യ എനിക്കും പറഞ്ഞുതരൂ.

(16 നവംബർ, 1986)

## 94. കേരളത്തിലെ ചിത്രശലഭങ്ങൾ

ചിത്രശലഭങ്ങളെക്കുറിച്ചുള്ള ഒരു കുറിപ്പിൽ മൂന്നു വർഷം മുമ്പു് ഞാൻ ഇങ്ങനെ എഴുതി:

'ചിത്രശലഭങ്ങളിൽ ജനങ്ങൾക്കു താല്പര്യം വളർത്താൻ നാം വല്ലതും ചെയ്യുന്നുണ്ടോ?

ഈ വല്ലിയിൽനിന്നു ചെമ്മേ—പൂക്കൾ
പോവുന്നിതാ പറന്നമ്മേ!

എന്നു് പ്രാഥമിക ക്ലാസുകളിൽ പഠിപ്പിക്കുന്നതൊഴിച്ചാൽ, ചിത്രശലഭങ്ങളെപ്പററി ഉദ്ബുദ്ധമായ ജിജ്ഞാസ കുട്ടികളിൽ ഉണർത്താൻ നമ്മുടെ സ്കൂളുകളോ, കോളേജുകളോ എന്തു ചെയ്യുന്നു? ഇത്തരം കാര്യങ്ങളിൽ നമ്മുടെ നാട്ടിൽ ആയിരക്കണക്കിനുള്ള ജന്തുശാസ്ത്രാദ്ധ്യാപകരിൽ എത്ര പേർക്കുണ്ടു് താല്പര്യം?'

ഒരു ലേഖനം വായിച്ചതുകൊണ്ടു് ഇത്തരം കാര്യങ്ങളിൽ ആർക്കെങ്കിലും താല്പര്യം ഉളവാകുമെന്ന വ്യാമോഹം എനിക്കു് അതെഴുതുമ്പോൾ ഉണ്ടായിരുന്നില്ല. അതിനാൽ ചിത്രശലഭങ്ങളിൽ താല്പര്യം കേരളത്തിൽ ഇനിയും ഉദ്ദീപ്തമാകാത്തതിൽ പറയത്തക്ക നൈരാശ്യവുമില്ല.

എങ്കിലും, തെക്കേ ഇന്ത്യയിലെ ചിത്രശലഭങ്ങളെപ്പററി, മനോഹരങ്ങളായ ഏതാനും ചിത്രങ്ങളോടെ, ഒരു ലേഖനം 1986 ജൂലൈ 26—ലെ 'ഫ്രണ്ട്ലൈൻ' എന്ന ഇംഗ്ലീഷ് പാക്ഷികത്തിൽ പ്രസിദ്ധംചെയ്തതു കണ്ടപ്പോൾ എനിക്കുണ്ടായ ആഹ്ലാദത്തിനു് അതിരില്ല. കേരളത്തിലെ